ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് അംഗീകാരം നൽകി ശമ്പളം ലഭിക്കുന്നുണ്ട്. എന്നാൽ അധിക തസ്തികകളിലെ നിയമനാംഗീകാരം സംബന്ധിച്ച് തീരുമാനമായിട്ടില്ല.

മലയാളം മീഡിയത്തിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രോത്സാഹനം

49(2957) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലയാളം മീഡിയം സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രോത്സാഹനം നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

തീരുമാനം കൈക്കൊണ്ടിട്ടില്ല.

പ്ലസ് സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം

50(2958) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി പ്ലസ്ടു സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കുന്നതിന് സർക്കാർ സ്വീകരിച്ച മാനദണ്ഡത്തിന് രൂപം നൽകിയത് ആരാണ് ; ആയത് അംഗീകരിച്ചത് എന്നായിരുന്നു ;

(ബി) സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾ നോട്ടിഫൈ ചെയ്തുകൊണ്ട് അപേക്ഷ ക്ഷണിക്കുകയുണ്ടായോ ; എങ്കിൽ എപ്പോൾ ;

(സി) ഹയർസെക്കന്ററി ഡയറക്ടർ ശിപാർശ നൽകിയ എല്ലാ സ്കൂളുകൾക്കും അധിക ബാച്ചുകൾക്കും അനുമതി നൽകുകയുണ്ടായോ ; ഇല്ലെങ്കിൽ എത്രയെണ്ണത്തെ ഒഴിവാക്കുകയുണ്ടായി ;

(ഡി) ഹയർസെക്കന്ററി ഡയറക്ടർ ശിപാർശ നൽകാത്ത എത്ര സ്കൂളുകളും ബാച്ചുകളും അനുവദിക്കുകയുണ്ടായി ?

ഉത്തരം

(എ) 11-6-2013-ലെ സ.ഉ.(കൈ) നമ്പർ185/13/പൊ.വി പ്രകാരം സർക്കാരാണ് പുതുതായി പ്ലസ്സ് സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് രൂപം നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ 14-6-2013-ലെ എ.സി.ഡി.സി3/16830/13/എച്ച്.എസ്.ഇ. നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷകൾ ക്ഷണിക്കുകയുണ്ടായി.

(സി) അനുമതി നൽകിയിട്ടുണ്ട്.

(ഡി) ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യാത്ത സ്കൂളുകൾക്കും ബാച്ചുകൾക്കും പ്രവർത്തനാനുമതി നൽകിയിട്ടില്ല.

പ്ലസ് ബാച്ച്

51(2959) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് ബാച്ച് അനുവദിച്ചതിൽ പ്രാദേശികതലങ്ങളിൽ കച്ചവടം നടന്നിട്ടുണ്ടെന്നും ഇക്കാര്യത്തിൽ അന്വേഷണം ഏർപ്പെടുത്താൻ തയ്യാറാകണമെന്നും ഗവൺമെന്റ് ചീഫ് വിപ്പ് പരസ്യമായി ആവശ്യപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആവശ്യപ്രകാരം അന്വേഷണം നടത്താനും അദ്ദേഹം അവകാശപ്പെട്ടത് പ്രകാരമുള്ള തെളിവുകൾ ശേഖരിക്കാനും നടപടി സ്വീകരിക്കുകയുണ്ടായോ ;

(സി) ഗവൺമെന്റ് ചീഫ് വിപ്പ് രേഖാമൂലം പരാതി നൽകുകയുണ്ടായോ ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

സംസ്ഥാന സ്കൂൾ കലോൽസവ സംഘാടക സമിതി

52(2960) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്കൂൾ കലോൽസവ സംഘാടക സമിതിയിൽ ഏതെല്ലാം സംഘടനാ പ്രതിനിധികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) മാനുവൽ പരിഷ്കരണത്തിൽ അംഗീകൃത അനദ്ധ്യാപക സംഘടനകളെ ഒഴിവാക്കിയതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) അംഗീകൃത അനദ്ധ്യാപക സംഘടന പ്രതിനിധികളെ സംഘാടക സമിതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly